"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ് - അട്ടക്കളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 345/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.3044/2025/LSGD** **തീയതി, തിരുവനന്തപുരം, 22-12-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 345/06 നമ്പർ കേസിന്മേലുള്ള 25/11/2009-ലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന, തീയതി, 18/03/2019.
3. സ.ഉ.(സാധാ)നം.3255/2022/തസ്വഭവ, തീയതി, 31/12/2022.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/11/2024, 11/11/2025 എന്നീ തീയതിയിലെ എ3/3808/2006/ട്രിഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 1286/A1 (LA Re.Sy. No.1286/15)-ൽ ഉൾപ്പെട്ട 0.15 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 345/2006 കേസിലെ ബാലൻസ് തുകയായ 6,07,611/- രൂപ (ആറ് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം(3) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2). തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടകുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 345/2006 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ പരാമർശം (3) സർക്കാർ ഉത്തരവ് പരാമർശം (2) സർക്കാർ ഉത്തരവിലെ ഖണ്ഡിക (iii)-ലെ നിബന്ധനകൾ പാലിക്കാതിരുന്നതിനാൽ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു.

3). പരാമർശം (2) സർക്കാർ ഉത്തരവിലെ ഖണ്ഡിക (iii)-ൽ നിഷ്കർഷിക്കും പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ മൊത്തം ചെലവും പുതുക്കിയ ചെലവും സംബന്ധിച്ച വിശദവിവരം ബന്ധപ്പെട്ട പൊന്നുംവില കാര്യാലയങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളതായി തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ

25/11/2024-ലെ പരാമർശം (4) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എൽ.എ.ആർ. കേസുകളിൽ ബാലൻസ് തുക ബഹു. കോടതിയിൽ കെട്ടി വയ്ക്കുന്നതുവരെ പലിശ നൽകേണ്ടതുണ്ട് എന്നതിനാലും ബാലൻസ് തുക ബഹു. കോടതിയിൽ കെട്ടിവയ്ക്കുന്നതിന് കാലതാമസം വരുന്നത് പലിശ ഇനത്തിൽ അധിക ബാധ്യതയ്ക്ക് കാരണമാകും എന്നതിനാലും എൽ.എ.ആർ. 345/2006 നമ്പർ കേസിലെ ബാലൻസ് തുകയായ 7,58,852/- രൂപ (ഏഴ് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 11/11/2025-ലെ പരാമർശം (4) കത്ത് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടകുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 1286/A1 (LA Re.Sy. No.1286/15)-ൽ ഉൾപ്പെട്ടതും ശ്രീ. കെ.എസ്. നാരായണൻ & ശ്രീ. കെ.എസ്. സുബ്ബു എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.15 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 345/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ പരാമർശം (3) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,58,852/- രൂപ (ഏഴ് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീഷകത്തിൽ നിന്നും ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
ധനകാര്യ(വനിത-ശിശു) വികസന വകുപ്പ് (WCD-3/23/2023-FIN dated 29/03/2023).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/316./2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 22-12-2025 15:30:22
സെക്ഷൻ ഓഫീസർ